| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## ANNUAL EXAMINATION 2019-2020

## MALAYALAM

## SET A

Code: MYML02

CLASS: VII

Time Allotted: 2 ½ Hrs.

12.03.2020

Max .Marks: 80

**General Instructions :**

1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

| Qns | | Marks |
|---|---|---|
| 1. | **ബ്രാക്കറ്റിൽ നിന്നും ശരിയായ അർഥം തെരഞ്ഞെടുത്തെഴുതുക (കാറ്റ്, പറയുക, മുന്നേറ്റം, അരുവി, സ്വഭാവം, കാറ്റ്, സന്തോഷം)** | ½ x 5=2½ |

1. ഉച്ചരിക്കുക
2. ചോല
3. സമീരൻ
4. പ്രകൃതം
5. പുരോഗതി

| | | |
|---|---|---|
| 2. | **പര്യായം എഴുതുക** | 1 x 5= 5 |

1. ധനം
2. അമ്പിളി
3. ഗാനം
4. കാള
5. യാത്ര

| | | |
|---|---|---|
| 3. | **വിപരീതം എഴുതുക** | ½ x 5=2½ |

1. തെളിയുക
2. വേലിയേറ്റം
3. ഉറക്കെ
4. മലിനം
5. പ്രശസ്തം

4. **ഒറ്റപ്പദം എഴുതുക** 1 x 5= 5

1. പുണ്യമായ ആശ്രമം
2. സൂത്രം അറിയുന്നവൻ
3. ദിവ്യത്വം ഉള്ള പുരുഷൻ
4. മണ്ണിൻെറ കൂന
5. വൃദ്ധൻെറ അവസ്ഥ

5. **അർഥവ്യത്യാസം എഴുതുക** 1x 3= 3

1. മേനി
   മുനി
2. ഒലി
   ഒളി
3. മാരണം
   മരണം

6. **എതിർലിംഗമെഴുതുക** ½ x 5=2½

1. ന്യായാധിപൻ
2. കുമാരൻ
3. പരവശൻ
4. കാള
5. യാത്രക്കാരൻ

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. വിദ്യാബ്യാസം, വിദ്യാഭ്യാസം, വിധ്യാബ്യാസം, വിദ്യാധ്യാസം
2. പ്രശസ്തം, പ്രസ്ശതം, പ്രഷസ്തം, പ്രശസ്ഥം
3. ഗംബീരം, ഗംമ്പീരം, ഗംഫീരം, ഗംഭീരം
4. ആളോചന, ആലോഛന, ആലോജന, ആലോചന
5. വാർദക്യം, വാർധക്യം, വാറദക്യം, വാറധക്യം

8. **നാനാർഥം എഴുതുക** 1x 5=5

1. വർഷം
2. ദഹനം
3. മതം
4. വട്ടം
5. കണ്ടം

9. **വിഗ്രഹിച്ചെഴുതുക** 1x 5=5

1. ചിത്രപ്രദർശനക്കാർ
2. വായസഗണം
3. നാശനഷ്ടങ്ങൾ
4. ഗോശാല
5. വികൃതിക്കുട്ടി

10. **പിരിച്ചെഴുതുക** 1x 5=5

1. ഇരട്ടിയിരട്ടി
2. സേവനമനുഷ്ഠിക്കുക
3. സംശയമൊന്നുമില്ല
4. നട്ടുച്ചയോളം
5. ദിനന്തോറും

11. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. പൊട്ടിച്ചിരിക്കുക
2. ശ്രദ്ധയിൽപ്പെടുക

12. **പ്രയോഗം മാറ്റുക** 1 x 2 = 2

1. ഞാൻ നിന്നെ സ്നേഹിക്കുന്നു
2. ന്യായാധിപൻ കാസിമിനെ ശിക്ഷിച്ചു

13. **പകരംപദം എഴുതുക** ½ x 2= 1

1. ചെവി കേൾക്കാൻ കഴിയാത്തവൻ
2. സംസാരിക്കാൻ കഴിയാത്തവൻ

14. **ചേരുംപടി ചേർക്കുക** ½ x 5=2½

| | | |
|---|---|---|
| 1. എഴുത്തച്ഛൻ | - | മേരി ജോൺ കൂത്താട്ടുകുളം |
| 2. വിശ്വദീപം | - | അബു കാസിം |
| 3. ഒലി | - | പെരുമ്പടവം ശ്രീധരൻ |
| 4. മിസ്റ്റർ ഗയിൽസ് | - | മഹാഭാരതം കിളിപ്പാട്ട് |
| 5. പൊട്ടിപ്പൊളിഞ്ഞ ചെരുപ്പുകൾ | - | ഒളപ്പമണ്ണ |
| | - | വിദ്യാഭ്യാസ ഇൻസ്പെക്ടർ |

15. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x 5= 5

1. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" ഈ സന്ദേശം ആരുടേതാണ്?
2. കാകൻെറയും അരയന്നങ്ങളുടെയും കഥ കർണനോട് പറയുന്നതാര്?
3. 'അങ്ങോട്ട് സ്നേഹിച്ചാൽ കുന്നു പോലും ഇങ്ങോട്ടു സ്നേഹിക്കും. പിന്നെ മനുഷ്യരുടെ കാര്യം പറയണോ?'– ആരുടെ വാക്കുകളാണിത്?
4. കാളകളുടെ കളിയാട്ടം കണ്ട് വയലിൽ ചൊടിച്ചിരിക്കുന്നതാര്?
5. "ആരുടെയും കണ്ണിൽപ്പെടാതെ ചെരുപ്പുകൾ മട്ടുപ്പാവിലിട്ടിട്ട് അയാൾ ചിന്തിച്ചു: എങ്ങനെ ഈ ചെരുപ്പുകൾ ഒഴിവാക്കും." ഇങ്ങനെ ചിന്തിച്ചത് ആര്?

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1=5

കിഴവനാണെങ്കിലു.............................................

........................................................

........................................................

..........................................കാത്തിരിക്കും. (10 വരി)

17. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. "എത്ര കണ്ടാലും പിന്നെയും പിന്നെയും കാണണമെന്ന് തോന്നിക്കുന്ന ഒന്നായിരുന്നു ആ നാടകം " ഗാന്ധിജിയ്ക്ക് പിന്നെയും പിന്നെയും കാണണമെന്ന് തോന്നിയ ആ നാടകം ഏതായിരുന്നു?
   (ഹരിശ്ചന്ദ്രൻ, ശ്രാവണൻ, കെറ്റിൽ)
2. ജാതിയും ഉപജാതിയും നിറഞ്ഞ കേരളം ഒരു ഭ്രാന്താലയമാണെന്നു പറഞ്ഞതാര്?
   (ശ്രീ നാരായണഗുരു, സ്വാമി വിവേകാനന്ദൻ, ഗാന്ധിജി)
3. കടൽ പറന്നു കടക്കാൻ അരയന്നങ്ങളെ വെല്ലുവിളിച്ചതാര്?
   (കാകൻ, വൈശ്യതനയന്മാർ, വായസഗണം)
4. പൂക്കളെ ചുംബിച്ചുണർത്തി, പുതുവാർത്തകളോതിയതാരാണ്?
   (പൂങ്കുയിൽ, അജപാലകർ, കാറ്റ്)
5. "നശിച്ച ചെരുപ്പുകൾ. ഇതെൻെറ ധനം മുഴുവൻ നശിപ്പിക്കും. ഇതിന് അറുതി വരുത്തിയിട്ടുതന്നെ കാര്യം" ആരുടേതാണീ വാക്കുകൾ?
   (ന്യായാധിപൻ, മുക്കുവർ, അബു കാസിം)

18. **ഉത്തരം എഴുതുക** 2x 6=12

1. ശ്രീ നാരായണഗുരുവിനെ ലേഖകൻ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?
2. മുത്തശ്ശി അവതരിപ്പിച്ച കുസൃതിക്കുട്ടിയുടെ സ്വഭാവം എന്തായിരുന്നു?
3. സ്കൂളിൽ ഇൻസ്പെക്ഷൻ നടന്ന ദിവസം ഗാന്ധിജി മടയനായത് എങ്ങനെ?

4. “ഏറ്റവും അസഹ്യമായിരുന്നത് അയാളുടെ ചെരുപ്പാണ്” - കാസിമിൻെറ ചെരുപ്പുകൾ അസഹ്യമായിരുന്നുവെന്ന് പറയാൻ കാരണമെന്ത്?
5. ഉണ്ണിയേശുവിനെ കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ?
6. വൃദ്ധനായ കൃഷിക്കാരൻെറ ദിനചര്യ എന്തായിരുന്നു?

19. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x5=5

പ്രാചീന കവികളായ ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരെയാണ് മലയാളത്തിലെ പ്രാചീന കവിത്രയം എന്നു പറയുന്നത്. 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാളഭാഷാകവിയാണ് ചെറുശ്ശേരി നമ്പൂതിരി. കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമൻെറ പണ്ഡിതസദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി നമ്പൂതിരി. ഭക്തി, ഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണ് ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത്. കൃഷ്ണഗാഥയാണ് പ്രധാന കൃതി.

ആധുനിക മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന ഭാഷാകവിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. എഴുത്തച്ഛൻ 15-ാം നൂറ്റാണ്ടിനും 16-ാം നൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തായിരുന്നു കവിയുടെ ജനനം. ഇപ്പോൾ ഈ സ്ഥലം തുഞ്ചൻപറമ്പ് എന്നറിയപ്പെടുന്നു. കിളിപ്പാട്ട് എന്ന കാവ്യരചനാരീതിയായിരുന്നു എഴുത്തച്ഛൻ ആവിഷ്ക്കരിച്ചത് .കിളി കഥ പറയുന്ന രീതിയിൽ എഴുതപ്പെടുന്ന കാവ്യങ്ങളെയാണ് കിളിപ്പാട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്നത്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛൻെറ പ്രധാന കിളിപ്പാട്ടു രചനകൾ. ഇവ കൂടാതെ ഒട്ടേറെ കാവ്യങ്ങളും എഴുത്തച്ഛൻേറതായിട്ടുണ്ട്.

18-ാം നൂറ്റാണ്ടിലെ പ്രമുഖ ഭാഷാകവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാ സമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിൻെറ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനാണ്. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണ്യനായിരുന്നു നമ്പ്യാർ. പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കലക്കത്ത് ഭവനത്തിലായിരുന്നു നമ്പ്യാരുടെ ജനനം. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 64 തുള്ളലുകൾ നമ്പ്യാർ എഴുതിയതായി പറയപ്പെടുന്നു.

.

1. പ്രാചീന കവിത്രയങ്ങൾ ആരെല്ലാം?
2. ചെറുശ്ശേരി കാവ്യങ്ങളിൽ ദർശിക്കാവുന്ന ഭാവങ്ങൾ ഏതെല്ലാം?
3. കിളിപ്പാട്ട് കാവ്യരചനാരീതി എന്നാൽ എന്ത്?
4. തുള്ളൽ എത്ര വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
5. എഴുത്തച്ഛൻെറ ജന്മസ്ഥലം എവിടെയാണ്?

20. **ആശയം വിപുലീകരിച്ചെഴുതുക** 4 x 1= 4

“വിദ്യാധനം സർവധനാൽ പ്രധാനം”

അല്ലെങ്കിൽ

‘‘മിന്നുന്നതെല്ലാം പൊന്നല്ല’’

End of the question paper